# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## അനാഥാലയങ്ങളിലെ അന്തേവാസികളെ ബി.പി.എൽ.പട്ടികയിൽ ഉൾപ്പെടുത്തൽ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :4767

28.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>,, ജോസഫ് വാഴക്കൻ<br>,, പി.എ.മാധവൻ<br>,, എം.പി.വിൻസെന്റ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബി.പി.എൽ പട്ടികയിൽ അനാഥാലയങ്ങളിലെ അന്തേവാസികളെ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 18.08.2012 ലെ സ.ഉ.(കൈ)നം.224/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളെ കൂടി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന അധിക മാനദണ്ഡം ദാരിദ്ര്യ രേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) | പൊതു വിതരണത്തിന്റെ ഭാഗമായി അരി, പഞ്ചസാര, ഗോതമ്പ് എന്നിവ നൽകുന്നതുൾപ്പെടെ മറ്റ് ബി.പി.എൽ. ആനുകൂല്യങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് കൂടി ലഭ്യമാക്കുക എന്നതാണ് ഉദ്ദേശ്യം. |
| (സി) | അനാഥാലയങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ; | | |
| (ഡി) | ഇത് സംബന്ധിച്ച് തദ്ദേശ ഭരണ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഉണ്ട്. 18.08.2012 ലെ സ.ഉ.(കൈ)നം.224/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേ |

| | | | |
|---|---|---|---|
| | | | വാസികളെ കൂടി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന അധിക മാനദണ്ഡം ദാരിദ്ര്യ രേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ